REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 16-12-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി ജോർദ്ദാൻ രാജാവ് അബ്ദുള്ള രണ്ടാമൻ ഇബിൻ അൽ ഹുസൈനുമായി ഇന്നലെ അമ്മാനിൽ കൂടിക്കാഴ്ച നടത്തി. പ്രധാനമന്ത്രി വൈകിട്ട് എത്യോപ്യയിലെത്തും.**
- **രാജ്യം ഇന്ന് വിജയ് ദിവസം ആഘോഷിക്കുന്നു.**
- **തദ്ദേശ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുത്ത അംഗങ്ങളുടെ സത്യപ്രതിജ്ഞ ഡിസംബർ 21-ന്. സംസ്ഥാനത്ത് മാതൃകാ പെരുമാറ്റച്ചട്ടം പിൻവലിച്ചു.**
- **തദ്ദേശ തെരഞ്ഞെടുപ്പിലെ തോൽവി, വിലയിരുത്താൻ LDF യോഗം രാവിലെ തിരുവനന്തപുരത്ത്.**
- **30-ാം കേരള രാജ്യാന്തര ചലച്ചിത്രമേളയിൽ അഞ്ചാം ദിവസമായ ഇന്ന് 70ലേറെ ചിത്രങ്ങൾ പ്രദർശിപ്പിക്കും.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ജോർദ്ദാൻ രാജാവ് അബ്ദുള്ള രണ്ടാമൻ ഇബിൻ അൽ ഹുസൈനുമായി ഇന്നലെ അമ്മാനിൽ പ്രതിനിധിതല ചർച്ച നടത്തി. ഭീകരവാദത്തിനും തീവ്രവാദത്തിനും എതിരായ ജോർദ്ദാന്റെ ശക്തമായ നിലപാടിനെ പ്രധാനമന്ത്രി നരേന്ദ്രമോദി പ്രശംസിച്ചു. ഇരു രാജ്യങ്ങൾക്കും ഇക്കാര്യത്തിൽ ഒരേ നിലപാടാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. വ്യാപാരം, നിക്ഷേപം, സുരക്ഷ, പുനരുപയോഗ ഊർജ്ജം, രാസവളം, കൃഷി, IT, ഡിജിറ്റൽ ടെക്നോളജി, അടിസ്ഥാനമേഖല, ഔഷധ നിർമ്മാണം എന്നിവയടക്കം രംഗങ്ങളിൽ സഹകരണം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികൾ ചർച്ചയായി.

സന്ദർശനത്തിന്റെ രണ്ടാം ദിവസമായ ഇന്ന് ജോർദ്ദാൻ-ഇന്ത്യ ബിസിനസ് ഫോറത്തിൽ പങ്കെടുത്ത ശേഷം പ്രധാനമന്ത്രി എത്യോപ്യയിലെ ആഡിസ് അബാബയിലെത്തും.

✪✪✪

രാജ്യം ഇന്ന് വിജയ് ദിവസം ആഘോഷിക്കുന്നു. 1971 ലെ ഇൻഡോ-പാക് യുദ്ധത്തിലെ ഇന്ത്യയുടെ വിജയം അനുസ്മരിക്കുന്നതാണ് ഡിസംബർ 16ലെ വിജയ് ദിവസ് ആഘോഷങ്ങൾ. ബംഗ്ലാദേശിന്റെ വിമോചനത്തിന് വഴിയൊരുക്കിയത് ഈ യുദ്ധത്തിലെ വിജയമാണ്. രാജ്യത്തിന്റെ വിജയത്തിന് ജീവൻ സമർപ്പിച്ച ധീര യോദ്ധാക്കളെ ആദരിക്കാനും വീരഗാഥകൾ അനുസ്മരിക്കാനും ദേശീയാഭിമാനം ഉയർത്തിപ്പിടിക്കാനും രാജ്യവ്യാപകമായി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ദിനാഘോഷ തലേന്ന് ഇന്നലെ വൈകിട്ട് ഇന്ത്യൻ സൈന്യം ന്യൂഡൽഹിയിലെ ആർമി ഹൗസിൽ സംഘടിപ്പിച്ച 'വിജയ് ദിവസ് അറ്റ് ഹോം പരിപാടി' യിൽ രാഷ്ട്രപതി ദ്രൗപതി മുർമു പങ്കെടുത്തു.

✪✪✪

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ഒരാഴ്ചത്തെ കർണാടക, തമിഴ്നാട്, തെലങ്കാന സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ആദി ജഗദ്ഗുരു ശ്രീശിവരാത്രേശ്വര ശിവയോഗി മഹാസ്വാമിജിയുടെ 1066-ാമത് ജയന്തി ആഘോഷങ്ങൾ ഇന്ന് കർണാടകയിലെ മലവള്ളിയിൽ രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും. മറ്റന്നാൾ വെല്ലൂർ സുവർണ ക്ഷേത്രം സന്ദർശിക്കുന്ന രാഷ്ട്രപതി പിന്നീട് ശൈത്യകാല വാസത്തിനായി സെക്കന്ദരാബാദിലെ രാഷ്ട്രപതി നിലയത്തിലെത്തും.

✪✪✪

കഴിഞ്ഞ 11 വർഷത്തിനിടെ രാജ്യത്തെ സൗരോർജ്ജ ഉൽപ്പാദനം 46 ശതമാനം വർദ്ധിച്ചതായി കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു. ന്യൂഡൽഹിയിൽ ഊർജ്ജ മേഖലയിലെ വികസനങ്ങളെക്കുറിച്ച് മാധ്യമങ്ങളോട് സംസാരിക്കുക യായിരുന്നു അദ്ദേഹം. കാറ്റാടി ഊർജ്ജ ശേഷി ഇപ്പോൾ 53 ജിഗാവാട്ടായി വർദ്ധിച്ചുവെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

2030 ഓടെ 50 ലക്ഷം ടൺ ഹരിത ഹൈഡ്രജൻ ലക്ഷ്യം കൈവരിക്കാൻ രാജ്യം ഒരുങ്ങുകയാണ്. മേൽക്കൂര വൈദ്യുതി പദ്ധതിയായ PM സൂര്യ ഘറിൽ 20ലക്ഷത്തിലേറെ യൂണിറ്റുകൾ സ്ഥാപിച്ചു കഴിഞ്ഞതായും പീയുഷ് ഗോയൽ പറഞ്ഞു.

✪✪✪

രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് ഈ വർഷം നവംബറിൽ 4.7 ശതമാനമായി കുറഞ്ഞെന്ന് സ്ഥിതി വിവര- പദ്ധതി നിർവഹണ മന്ത്രാലയം അറിയിച്ചു. ഏപ്രിൽ മാസത്തിനു ശേഷം രേഖപ്പെടുത്തിയ ഏറ്റവും താഴ്ന്ന തൊഴിലില്ലായ്മ നിരക്കാണിത്. ഗ്രാമീണ മേഖലയിലെ തൊഴിലില്ലായ്മ 3.9 ശതമാനമായും നഗരപ്രദേശങ്ങളിലെ തൊഴിലില്ലായ്മ 6.5 ശതമാനമായും കുറഞ്ഞു.

✪✪✪

തദ്ദേശ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുത്ത അംഗങ്ങൾ ഡിസംബർ 21-ന് സത്യപ്രതിജ്ഞ ചെയ്തു സ്ഥാനമേൽക്കുമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണർ A ഷാജഹാൻ അറിയിച്ചു.

ജില്ലാ പഞ്ചായത്തുകളിലും കോർപറേഷനുകളിലും ജില്ലാ കളക്ടർമാരുടേയും, ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും വരണാധികാരികളുടേയും മുമ്പിൽ അതാതു തദ്ദേശ സ്ഥാപനങ്ങളിലെ മുതിർന്ന അംഗം ആദ്യം സത്യപ്രതിജ്ഞ ചെയ്യും. തുടർന്ന് ആ അംഗത്തിന്റെ മുമ്പിലായിരിക്കും മറ്റ് അംഗങ്ങളുടെ സത്യപ്രതിജ്ഞ.

ഇതിനുശേഷം ആദ്യം സത്യപ്രതിജ്ഞ ചെയ്ത അംഗത്തിന്റെ അധ്യക്ഷതയിൽ ആദ്യ യോഗം ചേരും. അധ്യക്ഷ, ഉപാധ്യക്ഷ തെരഞ്ഞെടുപ്പുകൾ സംബന്ധിച്ച തെരഞ്ഞെടുപ്പു കമ്മീഷൻ അറിയിപ്പ് ഈ യോഗങ്ങളിൽ സെക്രട്ടറിമാർ വായിക്കും.

✪✪✪

സംസ്ഥാനത്ത് മാതൃകാ പെരുമാറ്റച്ചട്ടം ഇന്നലെ പിൻവലിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ A ഷാജഹാൻ അറിയിച്ചു. എന്നാൽ സ്ഥാനാർത്ഥികളുടെ നിര്യാണത്തെത്തുടർന്ന് മൂന്ന് വാർഡുകളിൽ പ്രത്യേക തിരഞ്ഞെടുപ്പ് നടത്തുന്നതിനാൽ മലപ്പുറം ജില്ലയിലെ മൂത്തേടം, എറണാകുളം പാമ്പാക്കുട ഗ്രാമപഞ്ചായത്തുകളിൽ പൂർണമായും, തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം വാർഡിലും തിരഞ്ഞെടുപ്പ് പൂർത്തിയാകുന്നത് വരെ മാതൃകാപെരുമാറ്റചട്ടം നിലനിൽക്കും.

✪✪✪

തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിലെ തോൽവിയുടെ, കാരണങ്ങൾ വിലയിരുത്താൻ LDF യോഗം ഇന്ന് തിരുവനന്തപുരത്ത് ചേരും. AKG സെന്ററിൽ രാവിലെ ചേരുന്ന യോഗം നിയമസഭാ തെരഞ്ഞെടുപ്പും മുന്നണിയുടെ ഭാവി കാര്യങ്ങളും ചർച്ച ചെയ്യും.

✪✪✪

ഇന്നലെ വൈകിട്ട് വരെ ഡിജിറ്റൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം രണ്ട് കോടി 78 ലക്ഷം കവിഞ്ഞതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. വിതരണം ചെയ്ത ഫോമുകളുടെ 99.84 ശതമാനമാണിത്.

ജില്ലകളിൽ 85% ബൂത്തുകളിലും BLA - BLO യോഗങ്ങൾ നടത്തിയതായും BLO-മാർ, BLA-മാർക്ക് കണ്ടെത്താൻ കഴിയാത്ത വോട്ടർമാരുടെ പട്ടിക കൈമാറിയതായും ജില്ലാ കളക്ടർമാർ ഇന്നലെ ചേർന്ന ഓൺലൈൻ യോഗത്തിൽ അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായ എന്യൂമറേഷൻ ഫോമുകളുടെ ഡിജിറ്റൈസേഷൻ, കാസർകോഡ്, വയനാട്, കൊല്ലം ജില്ലകളിൽ നൂറു ശതമാനവും പൂർത്തിയായി.

ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി...

.......വോയ്സ്.......

മൂന്നു ജില്ലകളിൽ എന്യൂമറേഷൻ ഫോമുകളുടെ ഡിജിറ്റലൈസേഷൻ നൂറു ശതമാനം പൂർത്തിയായപ്പോൾ മറ്റു ജില്ലകളിൽ 99 ശതമാനത്തിനു മേലെയാണ് പൂർത്തിയായിട്ടുള്ളത്. തിരികെ ലഭിക്കാത്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം 25 ലക്ഷത്തി ആയിരത്തി പന്ത്രണ്ടാണെന്നും മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസ് വ്യക്തമാക്കിയിട്ടുണ്ട്. ഏഴു ലക്ഷത്തോളം പേരെയാണ് കണ്ടെത്താൻ സാധിക്കാതെയുള്ളത് എന്നാണ് തിങ്കളാഴ്ചത്തെ കണക്കുകൾ വ്യക്തമാക്കുന്നത്. ഫോമുകൾ ഇനിയും മടക്കി നൽകാത്തവർ ഉടൻ തന്നെ അതു പൂരിപ്പിച്ച് ബിഎൽഒമാരെ ഏൽപ്പിക്കണമെന്ന് തെരഞ്ഞെടുപ്പ് ഓഫിസർ അഭ്യർത്ഥിച്ചിട്ടുണ്ട്. വ്യാഴാഴ്ച വരെയാണ് വീടുതോറുമുള്ള വിവര ശേഖരണം അവസാനിക്കുന്നത്. ഡിസംബർ 23-ന് കരടു വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും.

✪✪✪

30-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയിൽ അഞ്ചാം ദിവസമായ ഇന്ന് 70 ലേറെ ചിത്രങ്ങൾ പ്രദർശിപ്പിക്കും. ലോക ക്ലാസിക്കുകളും പുതിയ സിനിമകളും ഉൾപ്പെടുന്ന വൈവിധ്യമാർന്ന കാഴ്ചകളാണ് ഇന്നത്തെ പ്രധാന ആകർഷണം. ഇന്തോനേഷ്യൻ റിവഞ്ച് ത്രില്ലർ 'ദി ബുക്ക് ഓഫ് സിജിൻ & ഇല്ലിയിൻ' പാതിരാപ്പടമായി നിശാഗന്ധിയിൽ പ്രദർശിപ്പിക്കും.

ഇന്ത്യൻ സിനിമയിലെ ഇതിഹാസ പ്രതിഭയായ ഋത്വിക് ഘട്ടക്കിന്റെ വിഖ്യാത ചിത്രം 'തിതാഷ് ഏക് തി നദീർ നാം' അജന്ത തിയേറ്ററിൽ രാത്രി പ്രദർശിപ്പിക്കും.

ഡെസ്ക് റിപ്പോർട്ട്...

........വോയ്സ്..........

കൺട്രി ഫോക്കസ് വിഭാഗത്തിൽ വിയറ്റ്നാമിന്റെ 'വൺസ് അപ്പോൺ എ ലവ് സ്റ്റോറി', വിഖ്യാത സംവിധായകൻ ഗരിൻ നുഗ്രോഹോയുടെ 'ലെറ്റർ ടു ആൻ എയ്ഞ്ചൽ' തുടങ്ങിയ ചിത്രങ്ങളും ഇന്ന് ഉണ്ടായിരിക്കും.

അന്താരാഷ്ട്ര മത്സര വിഭാഗത്തിൽ ഉണ്ണികൃഷ്ണൻ ആവള- ജിയോബേബി ചിത്രം 'തന്തപ്പേര്' 'ഖിഡ്കി ഗാവ്", 'ദി സെറ്റിൽമെന്റ്", 'കിസ്സിങ് ബഗ്", തുടങ്ങിയ ചിത്രങ്ങൾ കാണാം.

മലയാളം സിനിമ ടുഡേ വിഭാഗത്തിൽ ഷെറി ഗോവിന്ദന്റെ 'സമസ്താ ലോക', ശ്രീജിത്ത് S കുമാറിന്റെ 'ശേഷിപ്പ്", നടൻ രാജേഷ് മാധവൻ ആദ്യമായി സംവിധാനം ചെയ്ത 'പെണ്ണും പൊറാട്ടും' തുടങ്ങിയ ചിത്രങ്ങളും പ്രദർശനത്തിനെത്തും.

ലോക സിനിമ വിഭാഗത്തിൽ പ്രശസ്ത സംവിധായകൻ റാഡു ജൂഡ് സംവിധാനം ചെയ്ത 'കോണ്ടിനെന്റൽ 25' ഉൾപ്പെടെ 24 ചിത്രങ്ങൾ പ്രേക്ഷകർക്ക് മുന്നിലെത്തും.

✪✪✪

ചലച്ചിത്ര മേളയിൽ 19 സിനിമകളുടെ പ്രദർശനം ഒഴിവാക്കി. സെൻസർ സർട്ടിഫിക്കറ്റ് ഇളവ് ലഭിക്കാത്തതാണ് കാരണം. കഴിഞ്ഞ രണ്ട് ദിവസങ്ങളിൽ ഏഴ് സിനിമകളുടെ പ്രദർശനം ഒഴിവാക്കിയിരുന്നു. ഇന്നത്തെ 8 ചിത്രങ്ങൾക്കും സെൻസർ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോൾ ഫൈനലിൽ തൃശൂർ മാജിക് FC, കണ്ണൂർ വാരിയേഴ്സ് FCയെ ഡിസംബർ 19 ന് നേരിടും. ഇന്നലെ തൃശൂരിലെ രണ്ടാം സെമിയിൽ മലപ്പുറം FCയെ തോൽപ്പിച്ചാണ് മാജിക് FC ആദ്യ ഫൈനലിന് യോഗ്യത നേടിയത്. കണ്ണൂർ മുനിസിപ്പൽ സ്റ്റേഡിയത്തിലാണ് ഫൈനൽ മത്സരം.

✪✪✪

കണ്ണൂർ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിക്ക് ഡിജിറ്റൽ തെളിവുകൾ പരിശോധിക്കാൻ അംഗീകാരം ലഭിച്ചു. കേന്ദ്ര ഇലക്ട്രോണിക്സ്, IT മന്ത്രാലയം ആണ് ഇതിന്റെ വിജ്ഞാപനമിറക്കിയത്.

കണ്ണൂരിൽ നിന്ന് KO ശശിധരൻ...

.........വോയ്സ്.....

സൈബർ വിഭാഗത്തിന് ആണ് ഇലക്ട്രോണിക് തെളിവുകൾ പരിശോധിക്കാനുള്ള അംഗീകാരം ലഭിച്ചത്. കമ്പ്യൂട്ടറുകളിലെയും മൊബൈൽ ഫോണുകളിലെയും തെളിവുകൾ പരിശോധിക്കാൻ ഇതോടെ ലാബിന് സാധിക്കും. ഈ അംഗീകാരം നേടുന്ന കേരളത്തിലെ രണ്ടാമത്തെ ഫോറൻസിക് ലാബാണ് കണ്ണൂരിലെ റീജണൽ ഫോറൻസിക് ലാബ്.

സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിനും തെളിവുകളുടെ ശാസ്ത്രീയ പരിശോധനയ്ക്കും ഈ അംഗീകാരത്തോടെ ലാബിന് സാധിക്കും.

ജോയിന്റ് ഡയറക്ടർ എൻ.ആർ. ബുഷ്റ ബീഗത്തിന്റെ നേതൃത്വത്തിലുള്ള ടീമിന്റെ പരിശ്രമത്തെ തുടർന്നാണ് അംഗീകാരം ലഭിച്ചത്.

✪✪✪

കൊല്ലം നിലമേലിൽ ശബരിമല തീർത്ഥാടകരുടെ കാറും KSRTC സൂപ്പർഫാസ്റ്റ് ബസും കൂട്ടിയിടിച്ച് രണ്ട് പേർ മരിച്ചു. കാറിലുണ്ടായിരുന്ന തിരുവനന്തപുരം പൂജപ്പുര സ്വദേശികളായ ബിച്ചു ചന്ദ്രൻ, സതീഷ് എന്നിവരാണ് മരിച്ചത്. കാറിലുണ്ടായിരുന്ന കുട്ടിക്ക് സാരമായി പരിക്കേറ്റു.

പത്തനംതിട്ട വടശേരിക്കരയിൽ പുലർച്ചെ ആന്ധ്ര സ്വദേശികളായ ശബരിമല തീർഥാടകരുടെ ബസ് മറിഞ്ഞ് നാലുപേർക്കും പരിക്കേറ്റു. പരിക്കേറ്റവരെ റാന്നി താലൂക്കാശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

വയനാട് കുപ്പാടിത്തറയിൽ തെരവുനായ്ക്കളുടെ ആക്രമണത്തിൽ ആറുവയസ്സുകാരന് പരിക്കേറ്റു. കൂട്ടുകാർക്കൊപ്പം മുറ്റത്ത് കളിക്കുകയായിരുന്ന കുട്ടിയെ വീട്ടിലേക്ക് ഓടിക്കയറിയെത്തിയ നായ്ക്കൾ കടിച്ചും മാന്തിയും പരിക്കേൽപ്പിക്കുകയായിരുന്നു. കുട്ടിയുടെ പുറത്തും നെറ്റിയിലും സാരമായ പരിക്കേറ്റു.

✪✪✪

വയനാട് പനമരം പച്ചിലക്കാട് പടിക്കംവയലിൽ ജനവാസമേഖലയിലിറങ്ങിയ കടുവയെ പിടികൂടാൻ വനം വകുപ്പ് ഊർജ്ജിത തെരച്ചിൽ ആരംഭിച്ചു. പ്രദേശത്തെ കാപ്പിത്തോട്ടം കേന്ദ്രീകരിച്ച് RRT സംഘം തെർമൽ ഡ്രോൺ പരിശോധന തുടരുകയാണ്. കടുവയെ കണ്ടെത്തിയാൽ മയക്കുവെടി വെച്ച് പിടികൂടാനാണ് തീരുമാനം. പ്രദേശത്തെ ആളുകൾക്കും തൊഴിലാളികൾക്കും വനംവകുപ്പ് ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്.

പനമരം, കണിയാമ്പറ്റ ഗ്രാമപഞ്ചായത്തുകളിലെ പത്തു വാർഡുകളിൽ അങ്കണവാടികളും മദ്രസ്സകളും ഉൾപ്പെടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി നൽകി. പരീക്ഷകൾക്കും അവധി ബാധകമായിരിക്കും.

✪✪✪

പാലക്കാട് തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിലെ ചാഴിയാട്ടിരിയിൽ ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ രോഗവ്യാപനം തടയാൻ കരുതൽ നടപടികൾക്ക് ജില്ലാ കളക്ടർ ഉത്തരവിട്ടു. തിരുമിറ്റക്കോട്, നാഗലശ്ശേരി, തൃത്താല, ചാലിശ്ശേരി ഗ്രാമപഞ്ചായത്തുകളെ രോഗ നിരീക്ഷണ മേഖലയിൽ ഉൾപ്പെടുത്തി.

✪✪✪

*News Editor : ശ്രുതി എം*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: ശരണ്യ രാജൻ*
*DEO : സി കെ സുബോധ്*